**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 698** **24-08-2022 - ൽ മറുപടിയ്ക്ക്**

**കോതമംഗലം - നെല്ലിക്കുഴി കെ. എസ്. ഇ. ബി കെട്ടിട വാടക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിൽ 2016 ൽ പ്രവർത്തനം ആരംഭിച്ച കെ. എസ്. ഇ. ബി സെക്ഷൻ ഓഫീസ് കെട്ടിടത്തിന്റെ വാടക നാളിതുവരെയായി നെല്ലിക്കുഴി ഗ്രാമപഞ്ചായത്താണ് നൽകിവരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ഓഫീസ് ഇപ്പോഴും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ച് വരുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് വാടകരഹി തമായി നൽകിയ കെട്ടിടത്തിലാണ് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത്. |
| (സി) | പ്രസ്തുത കെട്ടിടത്തിന്റെ വാടക കെ. എസ്. ഇ. ബി തന്നെ വഹിക്കണമെന്ന് ആവശ്യപ്പെട്ട് നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടി വിശദമാക്കാമോ; | (ഡി) | 24.02.2016 ലെ ബോർഡ് ഉത്തരവു പ്രകാരം പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനായിരുന്നു ബോർഡ് തീരുമാനം. ഇതനുസരിച്ച് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് വാടക രഹിത കെട്ടിടം പഞ്ചായത്ത് നൽകാം എന്ന ഉറപ്പിൻമേലാണ്, സെക്ഷൻ തുടങ്ങിയത്. ആയതുകണ്ട് നിലവിലെ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ- ന് വാടക നൽകുവാൻ സാധിക്കുകയില്ല. |
| (ഇ) | പ്രസ്തുത സെക്ഷൻ ഓഫീസ് നെല്ലിക്കുഴിയിൽ തന്നെ നിലനിർത്തുന്നതിനും ഓഫീസിന്റെ വാടക കെ. എസ്. ഇ. ബി തന്നെ വഹിക്കുന്ന കാര്യവും അനുഭാവപൂർവ്വം പരിഗണിക്കുമോ; വിശദമാക്കാമോ? | (ഇ) | 24.02.2016 ലെ ബോർഡ് ഉത്തരവു പ്രകാരം പുതുതായി അനുവദിച്ച സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം കെട്ടിടം നിർമിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് ആരംഭിക്കുവാനായിരുന്നു ബോർഡ് തീരുമാനം. ഇതനുസരിച്ച് നെല്ലിക്കുഴി സെക്ഷൻ ഓഫീസ് |

| | | | |
|---|---|---|---|
| | | | പ്രവർത്തിക്കുന്നതിന് വാടക രഹിത കെട്ടിടം പഞ്ചായത്ത് നൽകാം എന്ന ഉറപ്പിൻമേലാണ്, സെക്ഷൻ തുടങ്ങിയത്. ആയതുകണ്ട് നിലവിലെ സാഹചര്യത്തിൽ കെ.എസ്.ഇ.ബി.എൽ- ന് വാടക നൽകുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ